# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.713 — 29/01/2019 ൽ മറുപടിക്ക്

## ദേവസ്വം ബോർഡുകളിലെ സംവരണം

ചോദ്യം — മറുപടി

ശ്രീ.സി.മമ്മൂട്ടി — കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എസ്.സി./എസ്.ടി, പിന്നോക്കവിഭാഗക്കാർ എന്നിവർക്ക് വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള അമ്പലങ്ങളിലെയും വിവിധ സ്ഥാപനങ്ങളിലെയും തസ്തികകളിൽ സംവരണം ഏർപ്പെടുത്തുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) യും (ബി) | ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള മറ്റ് വിവിധ തസ്തികകളിലേയ്ക്ക് നിലവിലുള്ള എസ്.സി/എസ്.റ്റി സംവരണ തത്വം പാലിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനം നടത്തി വരുന്നു. |
| (ബി) | ഇല്ലെങ്കിൽ ഈ വിഭാഗങ്ങൾക്ക് നിർബന്ധമായും പ്രസ്തുത നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തേണ്ട കാലം അതിക്രമിച്ചുവെന്ന് കരുതുന്നുണ്ടോ;എങ്കിൽ അതുസംബന്ധിച്ച തുടർ നടപടി എന്ന് ആരംഭിക്കുമെന്നറിയിക്കുമോ; | | |
| (സി) | സംവരണം ഏർപ്പെടുത്തുമ്പോൾ ബോർഡുകളുടെയും വിവിധ ട്രസ്റ്റുകളുടെയും അമ്പലങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും ഇത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുമോ; വ്യക്തമാക്കുമോ? | (സി) | ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള മറ്റ് വിവിധ തസ്തികകളിലേയ്ക്ക് സംവരണ തത്വം പാലിച്ച് നിയമനങ്ങൾ നല്കിവരികയാണ്. |

സെക്ഷൻ ഓഫീസർ